ആദിവാസി മേഖലയിലെ ദുരിതങ്ങൾ

283(650) ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിലെ ജനങ്ങളുടെ ജീവിതം സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സർക്കാർ - സർക്കാരിതര സർവ്വേകളിൽ കണ്ടെത്തുന്ന പ്രസ്തുത മേഖലയിലെ ദുരിതങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അപാകതകളും സംബന്ധിച്ച റിപ്പോർട്ടുകൾ വിലയിരുത്താറുണ്ടോ ;

(സി) സർക്കാർ-സർക്കാരിതര സർവ്വേകളോടും ആയതിൽ കണ്ടെത്തുന്ന പ്രശ്നങ്ങൾ, നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ എന്നിവയോടും സ്വീകരിക്കുന്ന നിലപാടുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2008-2010 കാലയളവിൽ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതിവിവര ശേഖരണം പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി സർവ്വേ നടത്തിയിട്ടുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സർവ്വേയുടെ നോഡൽ ഏജൻസിയായിരുന്നു.

(ബി) സംസ്ഥാന ആസൂത്രണ ബോർഡ് ടി.എസ്.പി. ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ് പട്ടികവർഗ്ഗ ഉപപദ്ധതിക്ക് കീഴിലുള്ള പ്രധാനപ്പെട്ട (ഫ്ലാഗ്ഷിപ്പ്) പദ്ധതികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കിർത്താഡ്സ് (KIRTADS) മുഖാന്തരം പഠനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സർവ്വേകളുടെ വെളിച്ചത്തിൽ പട്ടികവർഗ്ഗ സമുദായങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഹാംലെറ്റ് വികസന പദ്ധതി
2. ഗോത്രസാരഥി
3. ജനനി ജന്മരക്ഷ
4. കൈതാങ്ങ്
5. എ.റ്റി.എസ്.പി. പട്ടികവർഗ്ഗക്കാരുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പട്ടികവർഗ്ഗ മേഖലയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസന പദ്ധതി.
6. ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം
7. നൈപുണ്യ വികസനം
8. ജീവനോപാധി പ്രവർത്തനങ്ങൾ
9. മിഷൻ 676 പദ്ധതിയിലൂടെ സമ്പൂർണ്ണ പാർപ്പിട പദ്ധതി.

ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ

284 (651) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി പുനരധിവാസ വികസന മിഷന്റെ കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 1. അംബ കടിവെള്ള പദ്ധതി (32.7 ലക്ഷം രൂപ - വാട്ടർ അതോറിറ്റി മുഖേന) :

സുഗന്ധഗിരി പുനരധിവാസ മേഖലയിൽ വരുന്ന അംബ കടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. റോഡരികിൽ 23 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 70 കുടുംബങ്ങൾ വെള്ളം ഉപയോഗിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly